**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2150 — 04.11.2019 ൽ മറുപടിക്ക്

**വെറ്റിലപ്പാറ പി.എച്ച്.സി.യെ സി.എച്ച്.സി.ആയി ഉയർത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| ആദിവാസി കോളനികളും തോട്ടം മേഖലകളും ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി.യെ സി.എച്ച്.സി.ആയി ഉയർത്തുന്നതിനോ കിടത്തി ചികിത്സാ സൗകര്യത്തോടെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി.യിലെ ദിവസേനയുള്ള ശരാശരി ഒ.പി.200 ൽ താഴെയാണ്. നിലവിൽ50 സെന്റ് സ്ഥലത്താണ് ഈ പി.എച്ച്.സി. പ്രവർത്തിക്കുന്നത്. ടി പ്രദേശത്തെ ജനസംഖ്യ 11,215 ആണ്. ഇതിൽ 1647 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 14 ട്രൈബൽ കോളനികളാണ് നിലവിലുള്ളത്. ഒരു ഡോക്ടർ ഉൾപ്പടെ 22 ജീവനക്കാരുടെ സേവനം ടി സ്ഥാപനത്തിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ ട്രൈബൽ മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ ആഴ്ചതോറും കോളനികളിൽ മെഡിക്കൽ ക്യാംപുകൾ നടത്തി വരുന്നു. ആദിവാസി കോളനികളിൽ സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ ക്യാംപുകൾ, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം, സി.ഒ.പി.ഡി.ക്ലിനിക്, മെന്റൽ ഹെൽത്ത് പ്രോഗ്രാം, എൻ.സി.ഡി.ക്ലിനിക്, വയോജനങ്ങൾക്കുള്ള ക്ലിനിക്, ആന്റനേറ്റൽ ക്ലിനിക്, ദേശീയ അന്ധത നിവാരണ പ്രോഗ്രാം തുടങ്ങിയ എല്ലാ ആരോഗ്യ സേവന പ്രവർത്തനങ്ങളും പൊതുജനാരോഗ്യം ലക്ഷ്യമാക്കി നടത്തി വരുന്നു.<br><br>സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരുന്നു. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെറ്റിലപ്പാറ പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ 504 സ്ഥാപനങ്ങളിലേക്കുമായി 1000 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. (ഡോക്ടർമാർ - 400, സ്റ്റാഫ് നഴ്സ് - 400, ലാബ് ടെക്നീഷ്യൻ - 200) |

| | |
|---|---|
| | അതിന്റെ സ്ഥാപനം തിരിച്ച് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>വെറ്റിലപ്പാറ പി.എച്ച്.സി.യോട് ചേർന്നുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 65 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് നടപടികൾ സ്വീകരിച്ച് വരുന്നു. ടി നിർമ്മാണ പ്രവർത്തി കോസ്റ്റ് ഫോർഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ ടി സ്ഥാപനത്തിലേക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ അനുവദിച്ച ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനം എഫ്.എച്ച്.സി.യായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

Hari

സെക്ഷൻ ഓഫീസർ